പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 765

29.05.2019 ൽ മറുപടിക്ക്

**ദേവസ്വം ബോർഡ് ആസ്ഥാനത്തെ ഭവാനി തമ്പുരാട്ടി കൊട്ടാരം**

ചോദ്യം

മറുപടി

**ശ്രീ.കെ.മുരളീധരൻ**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ദേവസ്വം ബോർഡ് ആസ്ഥാനത്തെ പൈതൃക മന്ദിരമായ ഭവാനി തമ്പുരാട്ടി കൊട്ടാരത്തിന്റെ മുകൾനില പൊളിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസ് നിർമ്മിക്കുന്നതിന് ബോർഡ് തീരുമാനം എടുത്തിരുന്നോ; ഇതിനായി കരാറുകാരെ ചുമതലപ്പെടുത്തിയിരുന്നോ; | (എ) | കൊട്ടാരം പൊളിക്കുന്നതിന് യാതൊരു തീരുമാനവും എടുത്തിട്ടില്ല. കൊട്ടാരത്തിന്റെ മുകൾ നിലയിൽ ചീഫ് എഞ്ചിനിയർ ഓഫീസ് പ്രവർത്തിപ്പിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ചുണ്ണാമ്പും സുർക്കിയും ഉപയോഗിച്ച് നിർമ്മിച്ച പ്രസ്തുത കൊട്ടാരം പൊളിക്കരുതെന്ന് 2009 ൽ ദേവസ്വം എഞ്ചിനീയറിംഗ് വിഭാഗം ബോർഡിന് റിപ്പോർട്ട് നൽകിയിരുന്നോ; | (ബി) | ഇത്തരം റിപ്പോർട്ടിനെ കുറിച്ചുള്ള വിവരം ലഭ്യമല്ല എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന് വിരുദ്ധമായി കെട്ടിടം പൊളിക്കുവാൻ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ? | (സി) | കെട്ടിടം പൊളിക്കുവാൻ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ